# അവർ സ്വതന്ത്രരായി വളരട്ടെ





**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153

അടുത്തിടെ എന്നെ കാണാൻ വന്ന ഒരു വ്യക്തിയുടെ അനുഭവത്തിൽ നിന്ന് തുടങ്ങാം. നമുക്ക് അദ്ദേഹത്തെ രാജീവൻ എന്നു വിളിക്കാം. അദ്ദേഹവും ഭാര്യയും സർക്കാർതലത്തിൽ ഉയർന്ന ഉദ്യോഗം വഹിച്ചിരുന്നവരാണ്. രണ്ടു മക്കളാണ് അവർക്ക്. ഏറെ വാത്സല്യത്തോടെയാണ് അവർ മക്കളെ വളർത്തിയത്. മക്കൾ ചെറുതായിരിക്കുമ്പോൾ രാജീവനും ഭാര്യയും ജോലിസംബന്ധമായി രണ്ടു സ്ഥലങ്ങളിലായിരുന്നു. ചില സാങ്കേതികകാരണങ്ങളാൽ അവർക്ക് വീടിനടുത്തേയ്ക്ക് ജോലിമാറ്റം കിട്ടാൻ താമസിച്ചു. ഇക്കാലയളവിൽ മൂത്തമകൻ അമ്മയുടെ ഒപ്പവും ഇളയമകൻ അച്ഛന്റെ ഒപ്പവുമാണ് താമസിച്ചത്. മക്കൾ സ്കൂൾ പഠനം പൂർത്തിയാക്കുന്നതു വരെ അവർ ഇത്തരത്തിലാണ് ജീവിച്ചത്. മക്കളെ രണ്ടുപേരെയും അവർ നല്ല രീതിയിൽ പഠിപ്പിച്ചു. മറ്റേതൊരു മാതാപിതാക്കളേയുംപോലെ മക്കൾ പഠിച്ച് ഉന്നതനിലയിലെത്തുന്നത് അവരും സ്വപ്നം കണ്ടിട്ടുണ്ടാവണം. അച്ഛൻ ഇളയമകനെ ഒരു സുഹൃത്തിനെപോലെയാണ് വളർത്തിയത്. ജോലിസംബന്ധമായ തിരക്കുകളിൽപ്പെടുമ്പോൾ പലപ്പോഴും മകന്റെ കാര്യങ്ങളെല്ലാം

**ഒരാൾ കുട്ടിയായിരിക്കുമ്പോഴാണ് മനസ്സിൽ എല്ലാ നല്ല ശീലങ്ങളുടേയും വിത്ത് പാകേണ്ടത്. എങ്കിൽ മാത്രമേ അത് കരുത്തോടെ വളർന്ന് ജീവിതാവസാനം വരെ നിലനിൽക്കുകയുള്ളൂ. കുട്ടി ചെറുതായിരിക്കുമ്പോൾ അവരുടെ എല്ലാ കാര്യങ്ങളിലും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ പുലർത്തും. അത് ആവശ്യവുമാണ്. എന്നാൽ അതോടൊപ്പം തന്നെ അവർ അക്കാര്യങ്ങൾ സ്വയം ചെയ്യാൻ പഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുംവേണം.**



നോക്കാൻ അദ്ദേഹത്തിനു സമയം ലഭിച്ചിരുന്നില്ല. എന്നാൽ മകനാകട്ടെ ഈ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു വളർന്നു. തന്റെ കാര്യങ്ങളെല്ലാം സ്വയം ചെയ്യാൻ അവൻ പഠിച്ചു. എന്നാൽ മറുഭാഗത്ത് അമ്മയാകട്ടെ മൂത്തമകനെ ഒരു കുറവും അറിയിക്കാതെയാണ് വളർത്തിയത്. ജോലിത്തിരക്കുണ്ടെങ്കിലും മകന്റെ കാര്യങ്ങൾ നോക്കുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിച്ചു. ഉച്ചയ്ക്ക് കഴിക്കാനുള്ള ചോറും അന്നന്നത്തെ ടൈംടേബിളിൽ ഉള്ള പുസ്തകങ്ങളും മകന്റെ ബാഗിൽ നിറച്ച് അവനെ സ്കൂളിൽ കൊണ്ടു വിട്ടശേഷം മാത്രമേ അവർ ഓഫീസിൽ പോയിരുന്നുള്ളൂ. മകൻ മുതിർന്നപ്പോൾ പോലും അവർ ഈ ശീലം തുടർന്നു. ഇനി കാര്യത്തിലേയ്ക്ക് വരാം. രാജീവനും ഭാര്യയും ജോലിയിൽ നിന്ന് റിട്ടയർ ചെയ്തിട്ട് ഇപ്പോൾ അഞ്ചു വർഷം തികയുന്നു. ഇളയമകന് ജോലിയായി. അവൻ വിവാഹം കഴിച്ച് നല്ല രീതിയിൽ ജീവിക്കുന്നു. അവരുടെ കണക്കുകൂട്ടലുകൾ പാടെ തെറ്റിച്ചു കളഞ്ഞത് മൂത്തമകനാണ്. അയാൾ പല കമ്പനികളിലും ജോലിനോക്കി. വീടു വിട്ടു താമസിക്കാൻ കഴിയുന്നില്ലെന്ന കാരണം പറഞ്ഞ് അയാൾ ആ ജോലികളൊക്കെ നഷ്ടപ്പെടുത്തി. വിവാഹം കഴിച്ചാൽ മകൻ നേരെയാകുമെന്ന് കരുതി അവർ അവന്റെ വിവാഹം നടത്തി. അവൻ ജോലിനോക്കിയിരുന്ന സ്ഥാപനത്തിനടുത്ത് ഒരു വീടും വാടകയ്ക്കെടുത്തു കൊടുത്തു. അങ്ങനെ മാതാപിതാക്കളെന്ന നിലയിലുള്ള തങ്ങളുടെ ചുമതല അവർ നിർവഹിച്ചു. എന്നാൽ അവർ പ്രതീക്ഷിച്ചതുപോലെ അയാളുടെ ജീവിതം നേരെയായില്ല. ഒരു ജോലിയിലും ഉറച്ചുനിൽക്കാത്ത അയാളുടെ സ്വഭാവത്തെ ചൊല്ലി ഭാര്യ പിണങ്ങുകയും ആ ബന്ധം തകരുകയും ചെയ്തു. ഇന്ന് അയാൾ മാതാപിതാക്കളോടൊപ്പമാണ് താമസം. ഒരു കൊച്ചു കുട്ടിയെപോലെയാണ് ഇപ്പോഴും അമ്മ അയാളെ വളർത്തുന്നത്. അയാളുടെ എല്ലാ ആവശ്യങ്ങളും സമയത്ത് നിറവേറ്റി കൊടുക്കാൻ അവർ ശ്രദ്ധിക്കുന്നു. മകന്റെ ജീവിതം ഇങ്ങനെയായതിൽ വിഷമമുണ്ടെങ്കിലും തന്റെ മരണം വരെ മകനെ ഒരു കുറവും അറിയിക്കാതെ വളർത്തണം എന്നാണ് അവരുടെ ആഗ്രഹം. മനപൂർവ്വമല്ലെങ്കിലും മകന്റെ ജീവിതം ഇത്തരത്തിൽ ആയതിൽ വലിയൊരു പങ്ക് ആ അമ്മയ്ക്കാണ്. എന്നാൽ അവർ അത് തിരിച്ചറിയാതെ ആ തെറ്റ് ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു. ചെറുപ്പം മുതൽ മകനെ സ്വന്തമായി തീരുമാനമെടുക്കാനോ കാര്യങ്ങൾ ചെയ്യാനോ അവർ അനുവദിച്ചില്ല. അതിനാൽ അയാൾ എല്ലാക്കാലവും അമ്മയെ ആശ്രയിച്ചു ജീവിച്ചു. ഭക്ഷണവും വസ്ത്രവും ആവശ്യത്തിന് പണവും അമ്മ നൽകിയിരുന്നതിനാൽ ജോലിക്ക് പോകേണ്ടത് ഒരു ആവശ്യമായി അയാൾക്ക് തോന്നിയതേയില്ല. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് സമാധാനപൂർണ്ണമായ ജീവിതം നയിക്കേണ്ട ഈ സമയത്ത് മകന്റെ ഭാവിയെ കുറിച്ചോർത്ത് ആശങ്കപ്പെടുകയാണ് രാജീവനും ഭാര്യയും. ഇത് രാജീവന്റെ മാത്രം കഥയല്ല. സ്പൂൺഫീഡിങ് രീതിയിൽ മക്കളെ വളർത്തുന്ന എല്ലാ മാതാപിതാക്കളും അഭിമുഖീകരിക്കുന്ന ഒരു പ്രശ്ന





**വീട്ടിലെ കാര്യങ്ങളെ കുറിച്ചൊക്കെ ഒരു ഏകദേശ ധാരണ കുട്ടിയുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. രാവിലെ പാൽ വാങ്ങാനും കടയിൽ പോകാനും ഒക്കെ കുട്ടിയേയും ഒപ്പം കൂട്ടാം. അൽപം മുതിരുമ്പോൾ അവരെ ഇതൊക്കെ തനിയെ ചെയ്യാൻ ശീലിപ്പിക്കാം**

മാണിത്.

## ചെറുപ്പത്തിൽ പഠിപ്പിക്കാം

ഒരാൾ കുട്ടിയായിരിക്കുമ്പോഴാണ് മനസ്സിൽ എല്ലാ നല്ല ശീലങ്ങളുടേയും വിത്ത് പാകേണ്ടത്. എങ്കിൽ മാത്രമേ അത് കരുത്തോടെ വളർന്ന് ജീവിതാവസാനം വരെ നിലനിൽക്കുകയുള്ളൂ. കുട്ടി ചെറുതായിരിക്കുമ്പോൾ അവരുടെ എല്ലാ കാര്യങ്ങളിലും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ പുലർത്തും. അത് ആവശ്യവുമാണ്. എന്നാൽ അതോടൊപ്പം തന്നെ അവർ അക്കാര്യങ്ങൾ സ്വയം ചെയ്യാൻ പഠിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുംവേണം. ഉദാഹരണത്തിന് വീട്ടിലെ ഓരോ സാധനങ്ങളും എവിടെയാണ് ഇരിക്കുന്നതെന്ന് കുട്ടികൾക്ക് അറിയാമായിരിക്കും. എങ്കിലും അവർ ഓരോ സാധനങ്ങളും ഉപയോഗിച്ചശേഷം അലക്ഷ്യമായി എവിടെയെങ്കിലും ഇട്ടു എന്നിരിക്കാം. രണ്ടു തരത്തിൽ ഈ പ്രശ്നത്തെ സമീപിക്കാം. കുട്ടിയെ ശാസിക്കുകയും സാധനം നിങ്ങൾ തന്നെ എടുത്തു കൊണ്ടുപോയി യഥാസ്ഥാനത്ത് തിരികെ വയ്ക്കുകയും ചെയ്യാം. രണ്ട് -ഉപയോഗിച്ചശേഷം ഓരോന്നും യഥാസ്ഥാനത്ത് തിരികെ വയ്ക്കണമെന്ന് പറയുകയും കുട്ടിയോട് അത് കൊണ്ടുവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്യാം. രണ്ടാമത്തെ രീതിയാണ് പിന്തുടരേണ്ടത്. ആദ്യത്തെ തരത്തിൽ നിങ്ങൾ തന്നെ ജോലി ചെയ്യുമ്പോൾ അത് എക്കാലവും അങ്ങനെയായിരിക്കും. നിരത്തിയിട്ടാലും അമ്മ അല്ലെങ്കിൽ അച്ഛൻ കൊണ്ടുവയ്ക്കും എന്നൊരു ധാരണ കുട്ടിയുടെ മനസ്സിൽ വളരും. മറിച്ച് തനിയെ ആ ജോലി ചെയ്യേണ്ടി വരുമെന്ന് അറിയുമ്പോൾ കുട്ടി ഭാവിയിൽ അത് നിരത്തിയിടാതിരിക്കാൻ ശ്രദ്ധിക്കും. വീട്ടിലെ കാര്യങ്ങളെ കുറിച്ചൊക്കെ ഒരു ഏകദേശ ധാരണ കുട്ടിയുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. രാവിലെ പാൽ വാങ്ങാനും കടയിൽ പോകാനും ഒക്കെ കുട്ടിയേയും ഒപ്പം കൂട്ടാം. അൽപം മുതിരുമ്പോൾ അവരെ ഇതൊക്കെ തനിയെ ചെയ്യാൻ ശീലിപ്പിക്കാം. ടൈംടേബിൾ അനുസരിച്ച് പുസ്തകങ്ങൾ ബാഗിൽ എടുത്തുവയ്ക്കാൻ അവരെ സഹായിക്കാം. എന്നാൽ ഒരിക്കലും അത് മാതാപിതാക്കൾ ചെയ്യേണ്ട ജോലിയാണ് എന്നൊരു ധാരണ കുട്ടിക്ക് ഉണ്ടാകാൻ പാടില്ല. മുതിരുന്തോറും ഇത്തരം ചെറിയ കാര്യങ്ങൾ അവരോട് തനിച്ചു ചെയ്യാൻ ആവശ്യപ്പെടാം. കുറച്ചു കൂടി പ്രായമാകുമ്പോൾ വീട്ടിലെ ജോലികളിൽ അവരുടേയും കൂടി സഹായം തേടാം. വസ്ത്രങ്ങൾ വിരിച്ചിടാനും വീട് വൃത്തിയാക്കാനും പച്ചക്കറി മുറിയ്ക്കാനും അവരേയും കൂടെ കൂട്ടാം. പെൺകുട്ടികളെ എന്നപോലെ ആൺകുട്ടികളേയും ജോലികളൊക്കെ തനിച്ചു ചെയ്യാൻ ശീലിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പിന്നീടൊരിക്കൽ തനിയെ ജീവിക്കേണ്ടി വരുമ്പോൾ അവർ ഒന്നും അറിയാത്തവരായി മാറാൻ പാടില്ല.

## അമിത ശ്രദ്ധവേണ്ട

മക്കളുടെ കാര്യത്തിൽ അമിതവേവലാതിയാണ് മാതാപിതാക്കൾക്ക്. ഓരോ നിമിഷവും അവർ എന്തു ചെയ്യുന്നു എന്നു കരുതി ഉത്കണ്ഠപ്പെട്ടുകൊണ്ടിരിക്കും. എന്നാൽ ഇത് തീർത്തും വിപരീതഫലമാണ് ഉണ്ടാക്കുക. ഇത്തരത്തിൽ ആശങ്കപ്പെടുന്ന മാതാപിതാക്കൾ മക്കളെ ഒരു കാര്യവും സ്വതന്ത്ര്യമായി ചെയ്യാൻ അനുവദിക്കുകയില്ല. ഉദാഹരണത്തിന് സ്കൂൾ ബസ് ഇറങ്ങി വീട്ടിലേയ്ക്ക് അല്പ ദൂരം നടക്കാൻ ഉണ്ടെങ്കിൽ കുട്ടി തീരെ ചെറുതായിരിക്കുമ്പോൾ രക്ഷിതാവ് അവിടെ കാത്തു നിൽക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ കുട്ടി മുതിരുമ്പോൾ തനിയെ വീട്ടിലേയ്ക്ക് വരാൻ അനുവദിക്കാം. അല്ലാത്തപക്ഷം ഒരിക്കലും ഒരിടത്തും തനിയെപോകാൻ ആ കുട്ടിക്ക് ധൈര്യം ലഭിക്കുകയില്ല. അതുപോലെ തന്നെ കുട്ടിയുടെ ഭക്ഷണം, വസ്ത്രധാരണം എന്നിങ്ങനെ എല്ലാ കാര്യങ്ങളിലും അമിതമായി മാതാപിതാക്കൾ ഇടപെടേണ്ടതില്ല. കടയിൽ ചെന്നാൽ ഏത് വസ്ത്രമാ



**ഓരോ കാര്യങ്ങളിലും തീരുമാനമെടുക്കുമ്പോൾ കുട്ടിയുടെ അഭിപ്രായം കൂടി തിരക്കുന്നത് അവരിൽ 'ഡിസിഷൻമേക്കിങ്' കഴിവ് വളർത്താൻ സഹായിക്കും. കുട്ടിയെ കുറിച്ച് മാതാപിതാക്കൾ എപ്പോഴും വ്യാകുലപ്പെടുന്നത് കുട്ടിയുടെ ആത്മവിശ്വാസം കുറയ്ക്കും. താൻ ചെയ്താൽ ഒന്നും ശരിയാകില്ല എന്നൊരു ചിന്തയാകും അവരുടെ ഉള്ളിൽ. അതിനാൽ കുട്ടിയുടെ കാര്യങ്ങളിൽ ശ്രദ്ധപുലർത്തുമ്പോൾ തന്നെ അമിതമായ ആശങ്കകൾ മാറ്റിവയ്ക്കാൻ രക്ഷിതാക്കൾ തയ്യാറാകണം**

ണ് വാങ്ങേണ്ടത് എന്ന് തീരുമാനിക്കാൻ കുട്ടിക്കും അവസരം നൽകണം. ഓരോ കാര്യങ്ങളിലും തീരുമാനമെടുക്കുമ്പോൾ കുട്ടിയുടെ അഭിപ്രായം കൂടി തിരക്കുന്നത് അവരിൽ 'ഡിസിഷൻമേക്കിങ്' കഴിവ് വളർത്താൻ സഹായിക്കും. കുട്ടിയെ കുറിച്ച് മാതാപിതാക്കൾ എപ്പോഴും വ്യാകുലപ്പെടുന്നത് കുട്ടിയുടെ ആത്മവിശ്വാസം കുറയ്ക്കും. താൻ ചെയ്താൽ ഒന്നും ശരിയാകില്ല എന്നൊരു ചിന്തയാകും അവരുടെ ഉള്ളിൽ. അതിനാൽ കുട്ടിയുടെ കാര്യങ്ങളിൽ ശ്രദ്ധപുലർത്തുമ്പോൾ തന്നെ അമിതമായ ആശങ്കകൾ മാറ്റിവയ്ക്കാൻ രക്ഷിതാക്കൾ തയ്യാറാകണം.

## അവർ മാറി നിൽക്കട്ടെ

മുതിരുമ്പോൾ പഠനാവശ്യത്തിനോ പ്രൊജക്ടുകൾക്കോ കുട്ടി വീടുവിട്ട് നിൽക്കേണ്ട സാഹചര്യം വന്നെന്നിരിക്കാം. മിക്ക രക്ഷിതാക്കളും ഇത് ഒഴിവാക്കാനാണ് ശ്രമിക്കാറുള്ളത്. വീടിന് ഏറ്റവും അടുത്തുള്ള കോളേജിൽ അഡ്മിഷൻ കിട്ടുമോ എന്നാണ് അവർ എപ്പോഴും ചിന്തിക്കുന്നത്. വീടിനടുത്തുള്ള കോളേജിൽ പ്രവേശനം ലഭിക്കുന്നത് സാമ്പത്തികമായി അല്പം മെച്ചം നൽകിയേക്കാമെങ്കിലും പുറത്ത് ഒരിടത്ത് ജീവിക്കുമ്പോൾ കുട്ടിയ്ക്ക് കിട്ടാവുന്ന് അനുഭവപരിചയം കരുതുന്നതിനേക്കാൾ അപ്പുറമാണ്. കുട്ടിയുടെ സ്വഭാവത്തിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ ഇത് സഹായിക്കും. വീടുവിട്ട് ജീവിച്ച ഒരു കുട്ടി എല്ലാ കാര്യങ്ങളും സ്വയം ചെയ്യാനും കൃത്യമായ തീരുമാനങ്ങൾ എടുക്കാനും പ്രാപ്തനായിരിക്കും. വീടിന്റെ സുരക്ഷിതത്വത്തിൽ നിന്ന് അകന്ന് നിൽക്കുമ്പോൾ അവർ പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ ശീലിക്കും. ഇത്തരത്തിൽ മാറി വരുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കഴിവ് കുട്ടിയിൽ വളർത്തേണ്ടത് അത്യാവശ്യമാണ്. അത് ജീവിതത്തിൽ മുന്നോട്ടുള്ള യാത്രയിൽ അവരെ ഏറെ സഹായിക്കും.

## കൂട്ടുകൂടി വളരണം

കുട്ടിയെ കൂട്ടുകാരിൽ നിന്നെല്ലാം അടർത്തി മാറ്റാൻ ശ്രമിക്കുന്ന രക്ഷിതാക്കളുണ്ട്. കുട്ടി തെറ്റായ കൂട്ടുകെട്ടിൽ പെട്ടുപോകുമോ എന്ന ഭയമാണ് കാരണം. എന്നാൽ കുട്ടിയെ ഇത്തരത്തിൽ എല്ലാവരിൽ നിന്നും അകറ്റി നിർത്തുന്നത് അവരിൽ അപകർഷതാബോധം വളരാൻ കാരണമാകും. കുട്ടികൾ കൂട്ടുകൂടി തന്നെയാണ് വളരേണ്ടത്. പ്രായത്തിന്റെ കുസൃതികൾ അവർ പലപ്പോഴും കാണിച്ചെന്നിരിക്കാം. പരിധി വിടുന്നു എന്നു കണ്ടാൽ അവരെ ശാസിക്കാം. നേർവഴിക്കു നടത്താം. അതല്ലാതെ പൂർണ്ണമായും സൗഹൃദങ്ങൾക്ക് വിലക്കേർപ്പെടുത്തുന്നതിൽ അർത്ഥമില്ല. നല്ല സൗഹൃദങ്ങളാണ് നല്ല വ്യക്തികളെ രൂപപ്പെടുത്തുന്നത്. രക്ഷിതാക്കൾ പറഞ്ഞു നൽകിയതിനേക്കാൾ കൂടുതൽ അവർ പഠിക്കുക കൂട്ടുകാരുടെ പക്കൽ നിന്നാണ്. നല്ല കൂട്ടുകെട്ടുകൾ കുട്ടിയുടെ ആത്മവിശ്വാസം കൂട്ടും. രക്ഷിതാക്കളുടെ സംരക്ഷണവലയത്തിനു പുറത്തു നിന്നും തനിക്ക് കാര്യങ്ങൾ ചെയ്യാൻ കഴിയും എന്നൊരു ആത്മവിശ്വാസം അവർക്ക് ലഭിക്കും.

ഓരോ വ്യക്തിയും സ്വതന്ത്രരായാണ് വളരേണ്ടത്. ജീവിതത്തിലുടനീളം ആരെയെങ്കിലും ആശ്രയിച്ച് ഒരു വ്യക്തിയ്ക്ക് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. അതിനാൽ കുട്ടികളെ ചെറുപ്പത്തിൽ മുതൽ തന്നെ സ്വയം കാര്യങ്ങൾ ചെയ്യാനും തീരുമാനങ്ങൾ എടുക്കാനും ശീലിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കൂട്ടിലടച്ച പക്ഷികളെപോലെ അവരെ വളർത്തുന്നതിൽ അർത്ഥമില്ല. നീണ്ടകാലം കൂട്ടിൽ കിടന്നാൽ ഒരു പക്ഷേ തനിക്ക് പറക്കാൻ കഴിയും എന്ന കാര്യംപോലും അവർ മറന്നുപോയേക്കാം. അതിനാൽ കുട്ടികളെ നിങ്ങളുടെ ചിറകിനു കീഴിൽ നിന്ന് പറക്കാൻ അനുവദിക്കുക. അവർ സ്വതന്ത്രരായി വളരട്ടെ.